# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2094 — 10/10/2011-ൽ മറുപടിയ്ക്ക്

### മരുന്ന് ക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ് സുനിൽകുമാർ<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. വി. ശശി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ മരുന്നുകൾക്കും, ഗ്ലൗസ്, ബാൻഡേജ്, ബാൻഡ് എയ്ഡുകൾ എന്നിവയ്ക്കും ക്ഷാമമുണ്ടായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ എത്തിക്കുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ സംസ്ഥാന ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് എന്നിവരിൽ നിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് സംഭരിച്ച് വിതരണം ചെയ്തു വരുന്നത്. |
| (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ തീരുമാനങ്ങൾക്കെതിരെ മരുന്നു കമ്പനികൾ കോടതിയെ സമീപിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഈ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് ലോക്കൽ പർച്ചേസ് നടത്തുവാൻ അനുവാദം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപവരെയാണ് ഇതിന് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ഉണ്ട് ജി.ഒ (എം. എസ്) 574/2010/ ആ.കു.വ തീയതി 03/09/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് ഒരു സമയം അൻപതിനായിരം രൂപ വരെയുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് ചെയ്യാം. 501 കിടക്കകളിൽ കൂടുതലുള്ള ആശുപത്രി സൂപ്രണ്ടിന് 25,000/- രൂപവരെയും 51 മുതൽ 500 വരെ കിടക്കകൾ ഉള്ള ആശുപത്രി സൂപ്രണ്ടിന് 20,000/- രൂപവരെയും, 50 കിടക്കകൾ വരെയുള്ള ആശുപത്രിയിലെ മെഡിക്കൽ ആഫീസർക്ക് 5000 രൂപ എന്ന നിരക്കിലും ലോക്കൽ പർച്ചേസ് ചെയ്യാം. |

| | | | |
|---|---|---|---|
| (ഇ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും അനുഭവപ്പെടുന്ന മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഇ) | ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുൻപായി ആവശ്യമുള്ള മരുന്നുകളുടെയും ചികിത്സാ സാമഗ്രികളുടെയും വാർഷിക ഇൻഡൻറുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും ശേഖരിച്ച് റേറ്റ് കോൺട്രാക്ട് നിശ്ചയിക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടറുകൾ ക്ഷണിക്കുന്നു. കോർപ്പറേഷൻ നിശ്ചയിക്കുന്ന വ്യവസ്ഥകളും ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ചട്ടങ്ങളിലെ പുതുക്കിയ ഷെഡ്യൂൾ എം നിഷ്ക്കർഷിക്കുന്ന സ്ഥാപനങ്ങളെ മാത്രമേ ടെണ്ടറിൽ പങ്കെടുപ്പിക്കാറുള്ളൂ. സപ്ലയർമാരിൽ നിന്നും സ്വീകരിക്കുന്ന എല്ലാ ബാച്ച് മരുന്നുകളുടെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷം ഷെഡ്യൂൾ എം പ്രകാരം ആശുപത്രികൾക്ക് വിതരണം ചെയ്യുന്നു. മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് മാസത്തിൽ മൂന്ന് പ്രാവശ്യവും ജനറൽ/ജില്ലാ ആശുപത്രി കൾക്ക് മാസത്തിൽ രണ്ട് പ്രാവശ്യവും താലൂക്ക് ആശുപത്രികൾ, ബി.പി.എച്ച്.സി/ സി.എച്ച്.സി എന്നിവയ്ക്ക് മാസത്തിൽ ഒരു പ്രാവശ്യവും മിനി പി.എച്ച്.സികൾക്ക് മൂന്ന് മാസത്തിലൊരിക്കലുമാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. ഓരോ ജില്ലാ സ്റ്റോറുകളുടെയും മരുന്നിൻെറ സ്റ്റോക്ക് പൊസിഷൻ കോർപ്പറേഷൻെറ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെൻറ് സിസ്റ്റം മുഖേന നിരീക്ഷിക്കുവാൻ സംവിധാനമുണ്ട്. ഏതെങ്കിലും ജില്ലയിൽ മരുന്നിൻെറ കുറവനുഭവപ്പെട്ടാൽ അവ ഇൻറർവെയർ ഹൗസ് ട്രാൻസ്ഫർ മുഖേന ലഭ്യമാക്കാറുണ്ട്. കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന ഔഷധങ്ങൾ ഏതൊക്കെ എന്നും എത്ര മാത്രം ഔഷധങ്ങൾ ആശുപത്രിയിൽ സ്റ്റോക്കുണ്ട്, അത് എത്ര ദിവസത്തേക്ക് മതിയാകും, അതിൻെറ ഗുണമേന്മാ പരിശോധനാഫലം എന്നുള്ള വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് KMSCL ൻെറ ഉത്തരവാദിത്വത്തിൽ തയ്യാറാക്കുന്ന സോഫ്റ്റ് വെയറിൽ സൗകര്യം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. ഇത് 2012 ജനുവരി മുതൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ